

In the Name of Allah, The Most Gracious, The Most Merciful

# FRIDAY SERMON

**Hazrat Amir'ul Momeneen Muhyi-ud-Din**

**Munir Ahmad Azim**

**03 FEBRUARY 2006**

## IMAM HASSAN (R) AND AMIR MUAAVIA (R)
## ഇമാം ഹസൻ(റ) & അമീർ മുആവിയ (റ)

ഹസ്രത് അമീറുൽ മുഅ്മിനീൻ മുഹ്യിദ്ദീൻ മുനീർ അഹ്മദ് അസീം(atba) 2006 ഫെബ്രുവരി 03-ാം തീയതി വെള്ളിയാഴ്ച നടത്തിയ ജുംഅ ഖുത്തുബാ സംക്ഷിപ്തം

ജമാഅത്ത് അംഗങ്ങൾക്ക് സലാം ചൊല്ലി, തശഹ്ഹ്ദ്, തഅവ്വ്ദ്, സൂറ ഫാത്തിഹ ഓതിയ ശേഷം ഹസ്രത്ത് അമീറുൽ മുഅ്മിനീൻ മുഹ്യിദ്ദീൻ മുനീർ അഹ്മദ് അസീം(atba) വിശുദ്ധ ഖുർആനിലെ 9-ാം അധ്യായമായ **അത്തൗബ** -ൽ നിന്നും 36-ാം വചനം ഓതുകയുണ്ടായി. അതിന്റെ വിവർത്തനം ചുവടെ കാണുംപ്രകാരമാകുന്നു:

ആകാശങ്ങളും, ഭൂമിയും സൃഷ്ടിച്ച നാൾ(മുതൽ) അല്ലാഹുവിന്റെ നിയമമനുസരിച്ച് മാസങ്ങളുടെ എണ്ണം പന്ത്രണ്ട് ആകുന്നു. അവയിൽ നാലെണ്ണം ആദരണീയങ്ങളാണ്. അതാണ് നിലനില്ക്കുന്ന നിയമവ്യവസ്ഥ. അതിനാൽ ആ മാസങ്ങളിൽ നിങ്ങൾ നിങ്ങളുടെ ആത്മാക്കളോട് അക്രമം പ്രവർത്തിയ്ക്കരുത്. ബഹുദൈവവിശ്വാസികൾ ഒന്നടങ്കം നിങ്ങളോട് യുദ്ധം ചെയ്യുന്നതു പോലെ, നിങ്ങളും യുദ്ധം ചെയ്യുക. തീർച്ചയായും അല്ലാഹു സൂക്ഷ്മത പാലിയക്കുന്നവരോടൊപ്പമാണ്.

തുടർന്ന് അദ്ദേഹം പറഞ്ഞു. ഇസ്ലാമിക കലണ്ടർ പ്രകാരം 12 മാസങ്ങളുണ്ട്. അവയിൽ നാലെണ്ണം വിശുദ്ധമാസങ്ങളാണ്. ഈ നാലുമാസങ്ങളിൽ അറബ് വംശജർ യുദ്ധത്തിലേർപ്പെട്ടിരുന്നില്ല. ദുൽഖഅ്ദ്, ദുൽ ഹജ്ജ്, മുഹർറം, റജബ് എന്നിവയാണ, ആ വിശുദ്ധമാസങ്ങൾ. ഇതാണ് യഥാർത്ഥ നിയമവ്യവസ്ഥ.

ഇസ്ലാമിക കണ്ടറിന് തനതായ ഉത്ഭവവും, ചരിത്രവും ഉണ്ട് എന്നറിഞ്ഞിരിക്കുന്നത് നല്ലതാണ്. ഹസ്രത്ത് ഉമർ(റ)ന്റെ ഖിലാ

ഫത്ത് കാലഘട്ടത്തിലാണ് ഇസ്ലാമിക കലണ്ടർ ചിട്ടപ്പെടുത്തിയെടുക്കുന്നത്. പ്രസ്തുത കലണ്ടർ പ്രകാരം മുഹർറ മാസമാണ് ആദ്യത്തേത്. ഈ മാസം അല്ലാഹു(ത) വിശുദ്ധഖുർആനിൽ സൂചിപ്പിച്ചിട്ടുള്ള വിശുദ്ധമാസങ്ങളിലൊന്നാണ്. ആ മാസത്തിൽ അല്ലാഹു തന്റെ ഔദാര്യവും, അനുഗ്രഹങ്ങളും അളവറ്റ രീതിയിൽ പ്രകടമാക്കുന്നു. മുഹർറ മാസം വർഷാരംഭമാണെങ്കിലും, ഇസ്ലാമിൽ ഋതുഭേദത്തിന് വലിയ പ്രാധാന്യം നല്കാത്തതിനാൽ നാം പുതുവത്സരം ആഘോഷിക്കുന്നില്ല. ഇസ്ലാമിൽ ആഘോഷങ്ങൾ രണ്ടെണ്ണം മാത്രമാണ്. അവ ഈദുൽഫിത്ത്ർ, ഈദുൽ അദ്ഹ എന്നിവയാണ്. മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമായ രീതിയിൽ ആണ് മുഹർറ മാസത്തിൽ നാം പുതുവർഷം ആഘോഷിക്കുന്നത്. നാം നമ്മുടെ കഴിഞ്ഞ ഓരോ ജീവിതത്തെപ്പറ്റിയും നമ്മുടെ ഭാവി ജീവിതത്തെപ്പറ്റിയും വിശകലനം നടത്താൻ അവസരം നല്കിയ അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്തിന് നന്ദി പ്രകടിപ്പിക്കുകയാണ് ഈ മാസത്തിൽ ചെയ്യുന്നത്. ഓരോ വർഷവും മുഹർറമാസത്തിൽ, ഇസ്ലാമിക ചരിത്രത്തിന് മുതൽക്കൂട്ടായി മാറിയ ഇമാം ഹസ്സൻ(റ), ഇമാം ഹുസൈൻ(റ) തുടങ്ങിയ മഹത് വ്യക്തിത്വങ്ങളുടെ ജീവിതം സ്മരിക്കുന്നു.

ഇമാം ഹസൻ(റ)ന്റെ ജീവചരിത്രം ഞാൻ ചുരുക്കത്തിൽ വിശദീകരിക്കാം. അദ്ദേഹത്തിന് താക്കിയ്യ്, സാക്കി, സാഹിദ്, വാലി, സാബ്ത്, റസൂൽ കരീം തുടങ്ങിയ പദവികൾ ലഭിച്ചിരുന്നു. തന്റെ ജീവിതകാലത്ത് 25 തവണ അദ്ദേഹം ഹജ്ജ് നിർവ്വഹിയ്ക്കുകയുണ്ടായി. അദ്ദേഹത്തിന് അനേകം ഭാര്യമാർ ഉണ്ടായിരുന്നു അവരിൽ ചിലർ

1. ഉമ്മു ബഷീർ ബിൻത് അബൂമസൂദ്
2. ഖൗലാ ബിൻത് മൻസൂർ
3. ഫാതിമാ ബിൻത് അബൂമസൂദ്
4. ഉമ്മു ഇഷാഖ് ബിൻത് ത്വൽഹ
5. റുമില
6. ഉമ്മുഹസ്സൻ

എന്നിവരാണ്. അതുപോലെതന്നെ അദ്ദേഹത്തിന് അനേകം പുത്രന്മാരും, പുത്രിമാരുമുണ്ടായിരുന്നു.

ഹസ്രത്ത് അലി(റ)ന്റെ മരണാനന്തരം, മുസ്ലിംകൾ ഇമാം ഹസൻ(റ)നെ തങ്ങളുടെ ഖലീഫയായി തെരെഞ്ഞെടുത്തു. അദ്ദേഹം കൂഫയിലെ മുസ്ലിം സൈന്യത്തിന്റെ നേതാവും, മുഖ്യ സൈന്യാധിപനുമായിരുന്നു. അതേ സമയത്ത് ഹസ്രത്ത് അമീർ മുആവിയ തന്റെ നേതൃത്വത്തിൻ കീഴിലുള്ള സൈന്യവുമായി കൂഫ പിടിച്ചടക്കുവാനായി എത്തിച്ചേർന്നു. അദ്ദേഹം ഇമാം ഹസൻ(റ)ന്റെ അടുക്കലേക്ക് ഒരു ദൂതനെ അയച്ചു. തന്റെ മരണംവരെ, തന്നെ അടുത്ത ഖലീഫയായി സ്വീകരിയ്ക്കണം (അംഗീകരിക്കണം) എന്നതായിരുന്നു ഹസ്രത്ത് മുആവിയയുടെ സന്ദേശത്തിന്റെ ഉള്ളടക്കം. മുആവിയയുടെ മരണശേഷം ഇമാം ഹസൻ(റ)ആയിരിക്കും അടുത്ത ഖലീഫ എന്നും സന്ദേശത്തിൽ വ്യക്തമാക്കിയിരുന്നു. അതീവ ബുദ്ധിശാലിയായ ഇമാം ഹസൻ(റ)ആയിരിക്കും അടുത്ത ഖലീഫ എന്നും സന്ദേശത്തിൽ വ്യക്തമാക്കിയിരുന്നു. അതീവ ബുദ്ധിശാലിയായ ഇമാം ഹസൻ(റ) രണ്ട് ഗ്രൂപ്പുകൾക്കുമിടയിൽ രക്തച്ചൊരിച്ചിൽ ഒഴിവാക്കുവാനായി ഹസ്രത്ത് അമീർ മുആവിയയുമായി കരാറിൽ ഒപ്പുവെയ്ക്കുവാൻ തീരുമാനിച്ചു.

ഇമാം ഹസൻ(റ)ന്റെ തീരുമാനം അദ്ദേഹത്തിന്റെ കീഴിലുള്ള ചില അനുയായികൾ അംഗീകരിച്ചില്ല. അദ്ദേഹം മുസ്ലിംകൾക്കിടയിൽ രക്തച്ചൊരിച്ചിൽ ഉണ്ടാകുന്നത് താനിഷ്ടപ്പെടുന്നില്ല എന്ന് അവരെ പറഞ്ഞ് മനസ്സിലാക്കുവാൻ ശ്രമിച്ചു. ഇമാം ഹസൻ(റ) വിന്റെ ഖിലാഫത്ത് നാലേ നാലുമാസങ്ങൾ മാത്രമേ നീണ്ടു നിന്നുള്ളൂ. ഇക്കാലയളവിൽ രണ്ടു മുസ്ലിം വിഭാഗങ്ങൾ തമ്മിലുള്ള യുദ്ധം ഒഴിവാക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചു. എല്ലാം അദ്ദേഹം പറയുംപടിയാണ് നടന്നിരുന്നത്. ധനകാര്യനിയന്ത്രണവും അദ്ദേഹത്തിന്റെ കയ്യിൽ സുരക്ഷിതമായിരുന്നു. ധീരനായ പോരാളിയായിരുന്ന അദ്ദേഹത്തിന്റെ കീഴിൽ ഉണ്ടായിരുന്ന പടയാളികൾ കരുത്തരും, ധീരരും സദാസമയവും തങ്ങളുടെ ജീവൻത്യാഗം ചെയ്യാൻ സന്നദ്ധരായവരുമായിരുന്നു.

ഇനി ഞാൻ ഇമാം ഹസൻ(റ)ന്റെ രക്തസാക്ഷിത്വത്തെപ്പറ്റി വിശദമാക്കാം.

അദ്ദേഹത്തിന്റെ ഒരു ശത്രു അദ്ദേഹം വെള്ളം കുടിയ്ക്കുവാൻ ആയി സൂക്ഷിച്ചിരുന്ന കൂജയിൽ മാരകമായ വിഷം കലർത്തി. ഇതറിയാതെ കൂജയിലുണ്ടായിരുന്ന വെള്ളം കുടിച്ച അദ്ദേഹത്തിന് തന്റെ ആന്തരികാവയവങ്ങൾ കീറിപ്പിളർന്നു പോകുന്നതായി അനുഭവപ്പെട്ടു. അദ്ദേഹം തന്റെ സഹോദരനായ ഇമാം ഹുസൈൻ(റ)വിനെ തന്റെ അടുക്കലേക്ക് വിളിപ്പിച്ചു. ഇമാം ഹസൻ(റ) ന്റെ ഗുരുതരാവസ്ഥ നേരിട്ടറിഞ്ഞ ഇമാം ഹുസൈൻ(റ), തന്റെ സഹോദരൻ മരിച്ചുപോവുകയുള്ളു എന്ന് തിരിച്ചറിയുകയും ചെയ്തു. സഹോദരനെ അദ്ദേഹം അഭിനന്ദിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു. താങ്കൾക്ക് എല്ലാവിധ അഭിനന്ദനങ്ങളും താങ്കൾ അധികം വൈകാതെ റസൂലുല്ലാഹ് (സ)യെയും, ഹസ്രത്ത് അലി(റ)യെയും, ഹസ്രത്ത് ബീവി ഫാത്തിമ(റ)യെയും, ഹസ്രത്ത് ഹംസ(റ)നെയും ഒക്കെ കാണാൻ പോവുകയത്രേ. സന്തോഷവാനായിരിക്കൂ

ഇത് കേട്ട് ഇമാം ഹസൻ(റ) മറുപടി പറഞ്ഞു. ഞാൻ ഇതുവരെ കണ്ടില്ലാത്തവയെ കാണുന്നു. ദിവസങ്ങൾ നീണ്ട വേദനകൾക്കൊടുവിൽ ഹിജ്റ 47, റബീ ഉൽ അവ്വൽ 5ന് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. അപ്പോൾ അദ്ദേഹത്തിന് പ്രായം വെറും 45വയസ്സും, 6 മാസവും അല്പദിനങ്ങളും മാത്രം.

മരണക്കിടക്കയിലായിരിക്കെ അദ്ദേഹം ഇമാം ഹുസൈൻ(റ) വിനെ തന്റെ അരികിലേക്ക് വിളിയ്ക്കുകയുണ്ടായി. സംസാരമധ്യേ, സഹോദരന്റെ കഷ്ടത കണ്ട ഇമാം ഹുസൈൻ(റ) ആരാണ് അദ്ദേഹത്തിന് വിഷം നല്കിയത് എന്നറിയുമോ എന്ന് ചോദിച്ചു. അറിഞ്ഞിട്ട് എന്ത് ചെയ്യാനാണ് എന്ന് ഇമാം ഹസൻ(റ) അദ്ദേഹത്തിനോട് തിരിച്ചു ചോദിച്ചു.

അപ്പോൾ ഇമാം ഹുസൈൻ (റ)ഇങ്ങനെ മറുപടി പറഞ്ഞു. ആളെ ഞാൻ തിരിച്ചറിഞ്ഞാൽ അവർക്കെതിരെ ഞാൻ നടപടിയെടുക്കും.

ഇതുകേട്ട ഹസൻ(റ) തന്റെ സഹോദരനോട് തന്നോട് ഈ പാതകം ചെയ്തത് ആരാണെന്ന് തനിക്ക് ഉറപ്പിച്ചു പറയാനാവില്ല. ഞാൻ ഊഹത്തിന്റെ അടിസ്ഥാനത്തിൽ ഞാനൊരാളുടെ പേരു

പറഞ്ഞാൽ അവനല്ല അതു ചെയ്തതെങ്കിൽ നിരപരാധി ശിക്ഷിക്കപ്പെടും. തന്നെ വിഷം തന്ന് കൊലപ്പെടുത്താൻ ശ്രമിച്ച വ്യക്തിയെക്കുറിച്ച് നിശ്ശബ്ദത പാലിക്കുവാനാണ് ഇമാം ഹസൻ(റ) പോലും താത്പര്യപ്പെട്ടത്. ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ടത് ഒരു കുറ്റം ചെയ്തത് ആരാണെന്ന് ഉത്തമബോധ്യം ഇല്ലാതെ ഊഹിച്ച പറയരുത് എന്നത്രേ. ഹസ്രത്ത് ഇമാം ഹസൻ(റ)വിന്റെ ഭാര്യയാണ് വെള്ളത്തിൽ വിഷം കലക്കിയത് എന്നാണ് പലരും വിശ്വസിച്ചിരുന്നത്. പക്ഷേ, നമുക്കത് പറയാനാവില്ല. കാരണം ഉറപ്പില്ലാത്ത കാര്യങ്ങൾ പറയുന്നത് പാപമാണ്. എന്തുകൊണ്ടെന്നാൽ, ഹസ്രത്ത് ഇമാം ഹസൻ(റ)പോലും ഇക്കാര്യത്തിൽ നിശ്ബദത പാലിച്ചു എന്നതുകൊണ്ടാണ്. അതിനാൽ ഈ ചോദ്യത്തിന്/കാര്യത്തിൽ നമ്മൾ ഒരു വിധി പറയാൻ തുനിയാതിരിക്കുന്നതാണ് ഉചിതം.

ഹസ്രത്ത് അമീർ മുആവിയ (റ)വിന്റെ വംശാവലി പരിശോധിച്ചാൽ അദ്ദേഹം തന്റെ ഉമ്മവഴി റസൂലുല്ലാഹ് യുടെ കുടുംബത്തിലെ 5-ാം തലമുറയിൽപെട്ട ആളാകുന്നു. ഹസ്രത്ത് അമീർ മുആവിയ(റ)യുടെ സഹോദരി ഹസ്രത്ത് ഉമ്മെ ഹബീബ ബിൻത് അബൂസുഫിയാൻ(റ) തിരുനബി(സ)യുമായി വിവാഹ ബന്ധത്തിലേർപ്പെട്ടിരുന്നു. ആ വഴി നോക്കുമ്പോൾ ഹസ്രത്ത് അമീർ മുആവിയ(റ) തിരുനബി(സ) യുടെ ഭാര്യാ സഹോദരൻ ആയിരുന്നു. ഹിജ്റ 6-ാം വർഷത്തിൽ അദ്ദേഹം ഇസ്ലാമിൽ വിശ്വസിച്ചു. ഹുദൈബിയ സന്ധി നടന്ന അവസരത്തിലായിരുന്നു ഇത്. പക്ഷേ, താൻ ഇസ്ലാം മതം സ്വീകരിച്ച വിവരം അദ്ദേഹം ഔദ്യോഗികമായി വെളിപ്പെടുത്തിയിരുന്നില്ല. പിന്നീട് ഹിജ്റ 8-ാം വർഷം ഫത്ത്ഹ മക്ക (മക്കാവിജയം) വേളയിലാണ് അദ്ദേഹം തന്റെ വിശ്വാസത്തെ പ്രഖ്യാപിച്ച് തിരുനബി(സ)യിൽ ബൈഅത്ത് ചെയ്യുന്നത്.

ഹസ്രത്ത് അമീർ മുആവിയ(റ) തിരുനബി(സ) യുടെ പരിശുദ്ധ സഹാബാക്കളിൽപെട്ട ആളായിരുന്നു എന്നത് നിസ്തർക്കം പറയാവുന്ന കാര്യമാണ്. അദ്ദേഹത്തിന്റെ സ്വഭാവ മഹിമ വിശുദ്ധഖുർആനിൽ എടുത്തു പറയപ്പെട്ടിരിക്കുന്നു. തന്റെ സഹാബാക്കളുടെ സ്വഭാവ മഹിമയെപ്പറ്റി തിരുനബി(സ)ഇങ്ങനെ

പറഞ്ഞു.

എന്റെ സഹാബാക്കൾ നക്ഷത്രങ്ങളെപ്പോലെയാകുന്നു. ആര് അവരെ പിന്തുടർന്നുവോ, അവർ നേർമാർഗ്ഗത്തിലായിരിക്കും. അവർ മറ്റുള്ളവരെ നേർമാർഗ്ഗത്തിൽ വഴി നടത്തുകയും ചെയ്യും.

തിരുനബി(സ)യ്ക്ക് ലഭിച്ചിരുന്ന വഹ്‌യ് എഴുതി രേഖപ്പെടുത്തുവാൻ നിയോഗിക്കപ്പെട്ടിരുന്ന സ്വഹാബാക്കളിൽ ഒരാളായിരുന്നു ഹസ്രത്ത് അമീർ മുആവിയ(റ) അദ്ദേഹം ഏകദേശം 163 ഹദീസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹസ്രത്ത് മുഹമ്മദ് (സ) ഹസ്രത്ത് അമീർ മുആവിയ (റ)വിന്റെ പേരെടുത്തു പറഞ്ഞ് അദ്ദേഹത്തിനായി ദുആ ചെയ്തിരിക്കുന്നു.

ഓ ! അല്ലാഹ്! നിന്റെ ജ്ഞാനപുസ്തകം മുആവിയയ്ക്ക് നല്കുകയും, നീതിയും ന്യായവും നല്കുകയും, ശിക്ഷയിൽ നിന്ന് സംരക്ഷിക്കുകയും ചെയ്യേണമേ!

മറ്റൊരു ഹദീസിൽ തിരുനബി(സ)മുആവിയാ(റ)യ്ക്കു വേണ്ടി ഇപ്രകാരം പ്രാർത്ഥിച്ചിരിക്കുന്നതായി കാണാം.

ഓ ! അല്ലാഹ്, (മുആവിയയ്ക്ക്) നിന്നിൽ നിന്നുള്ള മാർഗ്ഗദർശനം നല്കേണമേ. മറ്റുള്ളവരെ നേർമാർഗ്ഗത്തിൽ നടത്തുന്നതിന് അദ്ദേഹത്തെ അനുവദിയ്ക്കേണമേ!

മറ്റൊരു ഹദീസിൽ മുഹമ്മദ് നബി(സ) പറഞ്ഞു;

ഓ! മുആവിയാ! അല്ലാഹു താങ്കളെ ഒരു നേതാവാക്കും, അന്ന് താങ്കൾ നേതാവാകുമ്പോൾ അവന്റെ സൃഷ്ടികളോട് ആർദ്രതയോടെ പെരുമാറണമെന്ന് ഞാൻ താങ്കളെ ഉപദേശിക്കുന്നു. അതേസമയം കപടവിശ്വാസികളോടും, കുറ്റവാളികളോടും അല്ലാഹുവിന്റെയും അവന്റെ പ്രവാചകന്റെയും കല്പനകൾക്കെതിരിൽ ദുരാരോപണ മുന്നയിക്കുന്നവരോടും വിട്ടുവീഴ്ച കൂടാതെ പെരുമാറുകയും ചെയ്യുക.

ഈ രണ്ടുഹദീസുകൾ, ഹസ്രത്ത് അമീർ മുആവിയ(റ)യുടെ പദവി എന്താണെന്ന് വെളിപ്പെടുത്തിത്തരുവാൻ മതിയായവയാണ്.

ഹസ്രത്ത് അബൂബക്കർ സിദ്ദീഖ് (റ)ന്റെ ഖിലാഫത്ത് സമയത്ത് ഹസ്രത്ത് അമീർ മുആവിയ(റ) സിറിയയിലെ ഗവർണർ ആയിരുന്നു. ഹസ്രത്ത് ഉമർ(റ)വിന്റേയും, ഹസ്രത്ത് അലി(റ)വിന്റേയും

ഖിലാഫത്തിലൂടെ നീളം അദ്ദേഹം സിറിയയിൽ തന്നെ തുടർന്നു. ഖുലഫാഉ റാഷിദീങ്ങൾക്ക് അദ്ദേഹത്തിന്റെ പ്രാധാന്യം അറിയാവുന്നതിനാൽ അവർ അദ്ദേഹത്തെ സിറിയയുടെ ഭരണം ഏല്പിച്ചു. ഇമാം ഹസൻ(റ)വിന്റെ അടുത്ത ഖലീഫയായി നിയമിക്കുന്ന വേളയിൽ മുസ്ലിംകൾക്കിടയിൽ ചില പ്രശ്നങ്ങൾ ഉടലെടുക്കുകയുണ്ടായി. ഇതു മുതലെടുത്ത കപടവിശ്വാസികൾ മുസ്ലിംകൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കാൻ ശ്രമം തുടങ്ങി. പക്ഷേ ബുദ്ധിമാനായ ഹസ്രത്ത് ഇമാം ഹസൻ(റ) ഖിലാഫത്ത് ഭരണം ഹസ്രത്ത് അമീർ മുആവിയ(റ)വിന് കൈമാറുകയും മുസ്ലിംകൾക്കിടയിലുണ്ടാകാമായിരുന്ന യുദ്ധത്തെയും, രക്തച്ചൊരിലിനെയും ഒഴിവാക്കുകയും ചെയ്തു. ഹിജ്റ 42ൽ ഹസ്രത്ത് അമീർ മുആവിയാ (റ) ഖിലാഫത്ത് ഏറ്റെടുക്കുകയും ഹിജ്റാ 60ൽ അദ്ദേഹത്തിന്റെ വഫാത്തുവരെ അത് തുടരുകയും ചെയ്തു. ഏകദേശം 18 വർഷത്തോളം അദ്ദേഹം ഖലീഫയായി ഭരണ നിർവ്വഹണം നടത്തി.

അദ്ദേഹത്തിന്റെ ഖിലാഫത്ത് കാലയളവിൽ വളരയധികം നേട്ടങ്ങൾ ഉണ്ടായി. തിരുനബി(സ)യുടെ സ്വഹാബി ആയിരുന്നതിനാൽ, അദ്ദേഹത്തിന്റെ ഖിലാഫത്ത് അല്ലാഹുവിന്റെയും അവന്റെ പ്രവാചകന്റെയും തൃപ്തിയ്ക്കനുസൃതമായിട്ടായിരുന്നു.

ഹസ്രത്ത് അമീർ മുആവിയ(റ) തിരുനബി(സ)യുടെ പ്രിയ ശിഷ്യനായിരുന്നു. അദ്ദേഹത്തിന്റെ കൈവശം തിരുനബി(സ)യുടെ നഖങ്ങളുടേയും, മുടിയുടെയും ചെറിയ ചില അംശങ്ങൾ ഉണ്ടായിരുന്നു. അത് അദ്ദേഹം അങ്ങേയറ്റം സ്നേഹത്തോടെയാണ് സൂക്ഷിച്ചിരുന്നത്. തന്റെ മരണാന്തര വേളയിൽ ഉപയോഗിക്കുന്നതിനായി അദ്ദേഹം അത് സൂക്ഷിച്ചു പോന്നു.

തന്റെ വഫാത്തിനു മുമ്പ് അടുത്ത കുടുംബാംഗങ്ങളോട് അദ്ദേഹം ഒരു വസിയത്ത് ചെയ്തു. അതായത് തിരുനബി(സ)യുടേതായിരുന്ന വസ്ത്രത്തിന്റെ ഒരു കക്ഷണം ഉപയോഗിച്ച് തന്റെ മയ്യിത്ത് പൊതിയണമെന്നും, താൻ കൈവശം സൂക്ഷിച്ചിരിക്കുന്ന തിരുനബി(സ)യുടെ മുടിയുടെയും, നഖങ്ങളുടെയും അംശങ്ങൾ തന്റെ കബറിനുള്ളിൽ തന്നോടൊപ്പം വെയ്ക്കണമെന്നും! തിരുനബി(സ)യുടെ സഹാബാക്കളുടെ വിശ്വാസം അതായിരുന്നു. തിരുനബി(സ)യോടും അദ്ദേഹത്തിന്റേതായ സാധനങ്ങളോടും

അവർക്ക് അത്രയധികം സ്നേഹമായിരുന്നു.


ഹസ്രത്ത് അമീർ മുആവിയാ (റ)ഹിജ്റ 60-ൽ റജബ് മാസത്തിൽ, 78-ാംമത്തെ വയസ്സിൽ സിറിയയിലെ ദമാസ്കസിൽ വച്ച് വഫാത്തായി.

ഇൻശാഅല്ലാഹ്, അല്ലാഹു എനിയ്ക്ക് അവസരം നല്കുകയാണെങ്കിൽ, അടുത്ത് ആഴ്ച ഞാൻ ഹസ്രത്ത് ഇമാം ഹുസൈൻ(റ)ക്കുറിച്ച് നിങ്ങളോട് സംസാരിക്കുന്നതാണ്.

ക്ഷമ കാണിക്കുക നിങ്ങളുടെ ക്ഷമ അല്ലാഹുവിൽ നിന്നും മാത്രമുള്ളതാകുന്നു. അവരെയോർത്ത് ആശങ്കപ്പെടരുത്. അവർ മെനയുന്ന തന്ത്രങ്ങളെയോർത്ത് നിങ്ങൾ നിങ്ങളുടെ ഹൃദയങ്ങളെ പുണ്ണാക്കരുത്.

അവർക്ക് നിങ്ങളെ അപായപ്പെടുത്താനാവില്ല. അവർക്ക് നിങ്ങളെ അലോസരപ്പെടുത്തുവാൻ മാത്രമേ സാധിക്കുകയുള്ളു. ഇനി അവർ നിങ്ങളുമായി യുദ്ധത്തിലേർപ്പെട്ടാൽ, അവർ പിന്തിരിഞ്ഞോടും, അവരെ ആരും സഹായിക്കുകയില്ല. അവർ എവിടെ ആയിരുന്നാലും അവരുടെ മേൽ അപമാനം. അവർ സ്വയം അവരെ അല്ലാഹുവിന്റെ കോപമെന്നു വിളിച്ചു. അവരിൽ ദാരിദ്ര്യം ശാപമായി വന്നു ഭവിച്ചു. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ തിരസ്കരിക്കുകയും, അവർ പരിധിലംഘിയ്ക്കുകയും ചെയ്തതിനാലാണ് ഇങ്ങനെ സംഭവിച്ചത്

എല്ലാവർക്കും അല്ലാഹു(ത) നേർവഴി കാട്ടിതരട്ടെ ആമീൻ



*Translated By :*
*Mukarram R. Jamaludin Raother*
*Fauzia Jamal Zain & Fazil Jamal*
*Issued By :*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*